ഫോട്ടോഗ്രാഫിക് ബ്യൂറോഉപകരണങ്ങൾ/ടെയിനിംഗ് ഉപകരണങ്ങൾ, വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് ആവശ്യമായവ, ക്രൈംബ്രാഞ്ചിന് ആവശ്യമായ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുക എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് (MoPF) സ്കീമിൽ ഉൾപ്പെടുത്തി വരുന്നു.

(ബി) വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത സ്കീമുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങി പോലീസ് സേനയുടെ ഉപയോഗത്തിന് നൽകിയതുവഴി സേനയുടെ കാര്യക്ഷമതയും കഴിവും ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പോലീസ് സേനയിലെ ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനം

187 (2057) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ പി.എസ്.സി. മുഖാന്തരം നിയമനം നടന്നിട്ട് എത്ര കാലമായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലാത്ത പക്ഷം ആയതിന് നടപടി സ്വീകരിക്കുമോ ;

(ഡി) വിവിധ ജില്ലകളിലായി പോലീസ് സേനയിൽ ആകെ എത്ര വാഹനങ്ങൾ ഉണ്ട് ;

(ഇ) നിലവിൽ സേനയിൽ എത്ര ഡ്രൈവർമാർ ജോലി നോക്കിവരുന്നു ?

ഉത്തരം

(എ) പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തിയിട്ടില്ല.

(ബി) 380 ഒഴിവുകൾ.

(സി) 380 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പോലീസിൽ വിവിധ ജില്ലകളിലായി ആകെ 7057 (ബോട്ടുകൾ, ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ) വാഹനങ്ങൾ ഉണ്ട്.

(ഇ) സംസ്ഥാന പോലീസിൽ ഡ്രൈവർമാരുടെ 2585 തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. അതിൽ 380 ഒഴിവുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly